വനഭൂമികളിൽ അനധികൃതമായ പ്രവേശനം.

* 168. [34] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറ് വനഭൂമികളിൽ അനധികൃതമായി പ്രവേശനം നടത്തിയിട്ടുള്ളതിന്റെ വിസ്തീർണ്ണം എത്രയെന്ന സർവ്വെ നടത്തി കഴിഞ്ഞിട്ടുണ്ടോ;

(ബി) ഓരോ ഡിസ്ട്രിക്റ്റിലും എത്ര വിസ്തീർണ്ണം വീതം ഉണ്ടെന്നു പറയുവാൻ കഴിയുമോ;

(സി) ഈ പ്രവേശനഭൂമികളെ സംബന്ധിച്ചു ഗവണ്മെൻറിന്റെ നയമെന്തെന്നു വ്യക്തമാക്കാമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇല്ല.

(ബി) സർവ്വെ നടത്താതെ കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

(സി) അനധികൃതമായി കൈയ്യേറിയവരെ ഒഴിപ്പിക്കണമെന്നാണ് ഗവണ്മെൻറിന്റെ നയം.

ഭവനനിർമ്മാണം.

* 169. [36] ശ്രീ. കെ. എ. ശിവരാമൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടില്ലാത്ത കർഷകത്തൊഴിലാളികൾക്ക് ഗവണ്മെൻറിൽ നിന്നും വീട് പണിയിച്ചുകൊടുക്കുന്നതിനു വല്ല പദ്ധതിയും ഗവണ്മെൻറിനുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് അവർക്ക് വീട് പണിയിച്ചുകൊടുത്തിട്ടുള്ളത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഉണ്ട്.

(ബി) തൃശ്ശൂർ, വടക്കാഞ്ചേരി, പാലക്കാട്, പട്ടാമ്പി, ഷൊർണ്ണൂർ, ഇരിഞ്ഞാലക്കുട, ഇരവിപേരൂർ, കായംകുളം, കൃഷ്ണപുരം, ഐവർകാല, ഇരുപ്പിപുരം, തൃക്കാക്കര, വാഴൂർ, കടമന, മീനാട്ട്, നേര്യമംഗലം, പന്തളം.

കള്ളുവടക്കാരുടെ സെക്യൂരിറ്റി സംഖ്യകൾ.

* 170. [38] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.

(എ) തൃശ്ശിക്കള്ളുവടക്കാർ ലൈസൻസിനായി സെക്യൂരിറ്റി അടച്ചിട്ടുള്ള സംഖ്യകൾ മടക്കിക്കൊടുക്കാതെ ഇനി എത്ര പേരുടേതു ബാക്കിയുണ്ട്;

(ബി) മുകുന്ദപുരം കൊടുങ്ങല്ലൂർ താലൂക്കിൽ എത്രപേർക്ക് ബാക്കി തിരിയെ കൊടുക്കാനുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇനിയും 1430 തുണിക്കച്ചവടക്കാർക്ക് സെക്യൂരിറ്റി സംഖ്യ മടക്കിക്കൊടുക്കുവാനുണ്ട്.

(ബി) മുകുന്ദപുരം, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകളിൽ 57 പേർക്ക് സെക്യൂരിറ്റി മടക്കിക്കൊടുപ്പാനുണ്ട്.

ഹൗസിംഗ് സ്കീം.

* 171. [42] ശ്രീ. കെ. എ. ശിവരാമഭാരതി : തായ്ക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955-56 സാമ്പത്തികവർഷത്തിൽ ഹൗസിംഗ് സ്കീമനുസരിച്ച് സംസ്ഥാനത്തു് എത്ര വീടുകൾ പണിയിച്ചുകൊടുത്തിട്ടുണ്ടു്;

(ബി) അതിൽ ചിറയ്ക്കീൽ താലൂക്കിൽ മാത്രം എത്ര?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 213.

(ബി) ഇതുവരെ ഒന്നും പണിയിച്ചിട്ടില്ല.

താലൂക്ക് പുനർവിഭജന കമ്മിറ്റി

* 172. [44] ശ്രീ. പി. നാരായണൻ പോറ്റി : തായ്ക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) താലൂക്കു പുനർവിഭജനത്തിനായി നിയുക്തമായിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെൻറിലേക്ക് ലഭിച്ചുകഴിഞ്ഞതോ?

(ബി) എങ്കിൽ അതിന്റെ പൊതുവായ സ്വഭാവശകലം എന്തൊക്കെയാണു്?

(സി) ഏതൊക്കെ ഈ റിപ്പോർട്ടനുസരിച്ചുള്ള സ്വഭാവശകലം നടപ്പിൽ വരുത്താനുദ്ദേശിക്കുന്നു?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) റിപ്പോർട്ട് ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടു്.

(ബി) റിപ്പോർട്ട് ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നതിനാൽ അതിലെ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിവൃത്തിയില്ല.

(സി) ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

പഞ്ചായത്തുകരം

173. [45] ശ്രീ. സി. എസ്. കൃഷ്ണശാസ്ത്രി : തായ്ക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പഞ്ചായത്തു ചുമത്തുന്ന വീട്ടുകരത്തെ സംബന്ധിച്ച് വല്ല ആക്ഷേപങ്ങളോ, പരാതികളോ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly